2025
DECEMBER
16
TUESDAY

www.societytodaynews.com
സൊസൈറ്റി ടുഡേ
SOCIETY TODAY e-paper

വയബീൻ
വയനാടൻ ഉൽപ്പന്നങ്ങൾ
Home Delivery
9847 12 9091, 96455 97621

# മൽസ്യബന്ധന മേഖലയിൽ നിക്ഷേപ സാധ്യതകൾ തുറന്ന് ലക്ഷദ്വീപ്

**ന്യൂഡൽഹി:** ലക്ഷദ്വീപിൽ മൽസ്യബന്ധന മേഖലയിൽ വൻ നിക്ഷേപ സാധ്യതയെന്ന് കണ്ടെത്തൽ. ലക്ഷദ്വീപിൽ ആദ്യമായി നടത്തിയ നിക്ഷേപ സംഗമത്തിലാണ് മത്സ്യബന്ധന മേഖലയിൽ ഇനിയും ഉപയോഗപ്പെടുത്താത്ത സാധ്യതകൾ തുറന്നു കാട്ടിയത്. ലക്ഷദ്വീപിൽ സമ്പന്നമായി ശേഖരമുള്ള ട്യൂണ മൽസ്യബന്ധനം, കടൽപ്പായൽ, അലങ്കാര മത്സ്യങ്ങൾ, പുറംകടൽ കൂടുകൃഷി എന്നിങ്ങനെ നാലു മേഖലകളിലാണ് കൂടുതൽ നിക്ഷേപ സാധ്യതകളുള്ളതായി സംഗമം വിലയിരുത്തിയത്. ട്യൂണ മത്സ്യബന്ധനം, സംസ്കരണം, കേടുകൂടാതെ സൂക്ഷിക്കൽ, മൂല്യവർധിത ഉൽപ്പന്നങ്ങൾ, ബ്രാൻഡിങ്, കയറ്റുമതി എന്നിവയിൽ നിക്ഷേപ സാധ്യതകൾ നിലവിലുണ്ട്.



ഇന്ത്യയുടെ പ്രത്യേക സാമ്പത്തിക മേഖലയുടെ ഏകദേശം 20% പ്രദേശത്തിന് പുറമെ ട്യൂണയുടെയും മറ്റ് മൂല്യമേറിയ മത്സ്യങ്ങളുടെയും സമ്പന്ന ശേഖരം സ്വന്തമായ ലക്ഷദ്വീപിൽ ട്യൂണ ആഴക്കടൽ മത്സ്യബന്ധനത്തിൽ വലിയ നിക്ഷേപ സാധ്യതകളുണ്ട്. എങ്കിലും ഏകദേശം 15,000 ടൺ മാത്രം വരുന്ന നിലവിലെ ഉൽപാദനം ആകെ കണക്കാക്കുന്ന ഒരു ലക്ഷം ടൺ സാധ്യതയുടെ ചെറിയൊരംശം മാത്രമാണ്. മത്സ്യബന്ധനം, സാക്ഷ്യപ്പെടുത്തൽ, ബ്രാൻഡിങ്, കയറ്റുമതി ലക്ഷ്യമാക്കിയ സംസ്കരണം എന്നിവ ഉൾപ്പെടുന്ന ആധുനിക മൂല്യ ശൃംഖല വികസിപ്പിക്കുന്നതുവഴി നിക്ഷേപകർക്ക് 'ലക്ഷദ്വീപ് സുസ്ഥിര ട്യൂണ' പോലുള്ള മികച്ച പേരുകളിൽ ലക്ഷദ്വീപിലെ ചൂരമത്സ്യത്തെ നിലവാരമുയർന്ന അന്താരാഷ്ട്ര വിപണികളിലെത്തിക്കാനാവും. ഈ മേഖലയിലെ പരമ്പരാഗത മത്സ്യബന്ധന രീതികൾ മറൈൻ സ്റ്റെവാർഡ്ഷിപ്പ് കൗൺസിൽ (എംഎസ്സി) പോലുള്ള ആഗോള പാരിസ്ഥിതിക ലേബലിങ് സംവിധാനങ്ങൾക്ക് അനുയോജ്യമാണ്. ഉയർന്ന വിപണികളിലേക്ക് പ്രവേശനവും ഉയർന്ന വിലയും ഉറപ്പാക്കാൻ ഇത് സഹായിക്കുന്നു. സ്മാർട്ട് മത്സ്യബന്ധന തുറമുഖങ്ങൾ, ശീതീകരണ ശൃംഖലാ സൗകര്യങ്ങൾ, സംസ്കരണ കേന്ദ്രങ്ങൾ എന്നിവയുൾപ്പെടെ അടിസ്ഥാന സൗകര്യ വികസനത്തിലും നിക്ഷേപ സാധ്യതകളുണ്ട്. കൂടാതെ മൾട്ടിഗിയർ ആഴക്കടൽ മത്സ്യബന്ധന കപ്പലുകളും പിടിച്ച മത്സ്യങ്ങളെ ശേഖരിക്കാനും കൊണ്ടുപോകാനും ഉപയോഗിക്കുന്ന മാതൃകപ്പലുകളും ഉൾപ്പെടുത്തി കപ്പൽ നവീകരണത്തിലും സാധ്യതകളേറെയാണ്. സുസ്ഥിരവും ആഗോളതലത്തിൽ മത്സരക്ഷമവുമായ ട്യൂണ മത്സ്യബന്ധന കേന്ദ്രമാക്കി ലക്ഷദ്വീപിനെ മാറ്റുമെന്ന് ഈ സംരംഭങ്ങൾ ചൂണ്ടിക്കാട്ടുന്നു. 4200 ചതുരശ്ര കിലോമീറ്ററിലധികം വിസ്തൃതി വരുന്ന ലക്ഷദ്വീപിന്റെ കായൽ പ്രദേശം കടൽപ്പായൽ കൃഷിയ്ക്ക് അനുയോജ്യമായ അന്തരീക്ഷമൊരുക്കുന്നു. കടൽപ്പായൽ അധിഷ്ഠിത ഉൽപ്പന്നങ്ങളുടെ ആഗോള ആവശ്യകത അതിവേഗം വർധിക്കുന്ന സാഹചര്യത്തിൽ കൃഷി രീതികൾ, നഴ്സറികൾ, ബയോമാസ് സംസ്കരണം, ജൈവ ഉല്പന്ന നിർമാണം എന്നിവയിലെല്ലാം പ്രദേശം ഗണ്യമായ നിക്ഷേപ സാധ്യതകൾ നൽകുന്നു. കടൽപ്പായൽ ക്ലസ്റ്ററായി വിജ്ഞാപനം ചെയ്ത ലക്ഷദ്വീപ് പിഎംഎംഎസ്വൈ പദ്ധതിയ്ക്ക് കീഴിൽ കടൽപ്പായൽ വിത്തുബാങ്ക്, കടൽപ്പായൽ ഹാച്ചറി തുടങ്ങിയ സംരംഭങ്ങളിലൂടെ ഈ രംഗത്ത് ശക്തമായ അടിത്തറ സ്ഥാപിച്ചത് മേഖലയുടെ അതിവേഗ വളർച്ചയ്ക്ക് വഴിയൊരുക്കുന്നു. സ്വകാര്യ പുറംകടൽ കടൽപ്പായൽ കൃഷി സുഗമമാക്കുന്നതിനായി ആവിഷ്ക്കരിക്കുന്ന പാട്ടനയത്തിലും ലക്ഷദ്വീപ് ഭരണകൂടം പ്രവർത്തിച്ചുവരുന്നു.

കടൽപ്പായൽ കൃഷി വിപുലീകരണം, സംസ്കരണ ശേഷി വർധന, ചരക്കുനീക്ക ശൃംഖലകൾ, വിപണി ബന്ധം എന്നിവ വികസിപ്പിച്ച് സാധ്യത മുതലെടുക്കാനും ലക്ഷദ്വീപ് ഉൽപ്പന്നങ്ങളെ ആഗോള വിപണികളിലെത്തിക്കാനും നിക്ഷേപകർക്ക് സാധിക്കുമെന്നാണ് വിലയിരുത്തപ്പെടുന്നത്. സാമ്പത്തിക സാധ്യതകൾക്കപ്പുറം കാർബൺ വേർതിരിക്കൽ, സമുദ്ര ജൈവവൈവിധ്യ വർധന തുടങ്ങിയ പാരിസ്ഥിതിക നേട്ടങ്ങളും കടൽപ്പായൽ കൃഷിയ്ക്കുണ്ട്. ഭക്ഷണം, ഔഷധങ്ങൾ, സൗന്ദര്യവർദ്ധക വസ്തുക്കൾ തുടങ്ങി വിവിധ വ്യവസായങ്ങളെയും ഇത് പിന്തുണയ്ക്കുന്നു. റാസസ്, ഡാംസൽഫിഷ്, കാർഡിനൽഫിഷ്, ഗ്രൂപ്പറുകൾ, സർജൻ ഫിഷ്, ബട്ടർഫ്ലൈഫിഷ്, ഗോട്ട് ഫിഷ്, ബ്ലെനീസ്, സ്കോർപിയോൺഫിഷ്, ട്രിഗ്ഗർഫിഷ്, സ്ക്വിറൽ ഫിഷ് തുടങ്ങി 35 മത്സ്യവർഗങ്ങളിലെ ഏകദേശം 300 ഇനം കടൽ മത്സ്യങ്ങൾ ലക്ഷദ്വീപിലുണ്ട്. ഈ സമ്പന്ന ജൈവവൈവിധ്യം സമുദ്ര അലങ്കാര ഹാച്ചറികളും ബ്രൂഡ്സ്റ്റോക്ക് വികസന സൗകര്യങ്ങളും സംയോജിത വളർത്തൽ കേന്ദ്രങ്ങളും സ്ഥാപിക്കാൻ അനുയോജ്യമേഖലകളാക്കി ദ്വീപുകളെ മാറ്റുന്നു. പ്രകൃതിദത്തമായ ആവാസ വ്യവസ്ഥയിൽ നിന്ന് പിടിക്കുന്ന മത്സ്യങ്ങളെ ആശ്രയിക്കുന്നത് കുറയ്ക്കുകയാണ് ഇതിന്റെ ലക്ഷ്യം. അലങ്കാര മത്സ്യങ്ങളുടെ ആഗോള ആവശ്യകത വർധിക്കുന്ന സാഹചര്യത്തിൽ സുസ്ഥിര പ്രജനന സംവിധാനങ്ങളും കയറ്റുമതി അധിഷ്ഠിത സംരംഭങ്ങളും സംരക്ഷണസൗഹൃദ രീതികളും വികസിപ്പിച്ച് ലാഭകരമായ അക്വേറിയം വ്യാപാരത്തിലേക്ക് കടക്കാനും നിക്ഷേപകർക്ക് അവസരമുണ്ട്. ഇത് പ്രാദേശിക തൊഴിലവസരങ്ങൾ സൃഷ്ടിക്കുകയും അന്താരാഷ്ട്ര അലങ്കാര മത്സ്യ വിപണിയിലെ സുപ്രധാന പങ്കാളിയായി ലക്ഷദ്വീപിനെ അടയാളപ്പെടുത്തുകയും ചെയ്യുന്നു. ഏകദേശം 4 ലക്ഷം ചതുരശ്ര കിലോമീറ്റർ വിസ്തൃതിയിലെ പ്രത്യേക സാമ്പത്തിക മേഖല ഉപയോഗിച്ച് വൻതോതിൽ സുസ്ഥിര സമുദ്ര മത്സ്യകൃഷി പ്രോത്സാഹിപ്പിക്കാൻ പുറംകടൽ കൂടുകൃഷിയിൽ ലക്ഷദ്വീപിന് വലിയ സാധ്യതയുണ്ട്. രാജ്യത്തെ മറ്റ് പ്രദേശങ്ങളിൽ പരീക്ഷണാടിസ്ഥാനത്തിൽ നടത്തിയ സംരംഭങ്ങൾ ഇതിന്റെ സാധ്യത തെളിയിക്കുന്നത് മേഖലയ്ക്ക് പിന്തുണയേകുന്നു. പ്രാദേശിക സഹകരണ സ്ഥാപനങ്ങളുമായും സിഎംഎഫ്ആർഐയുമായും സഹകരിച്ച് ഒഡീഷയിലെ ബാലസോറിൽ സീ ബാസ്, പോംപാനോ, മുള്ളറ്റ്സ് തുടങ്ങിയ മത്സ്യങ്ങൾക്ക് 30 കൂടുകൾ വിന്യസിച്ചുകൊണ്ട് എൻഎഫ്ഡിബി പരീക്ഷണാടിസ്ഥാനത്തിൽ ശ്രദ്ധേയമായ ഒരു പഠനം നടത്തിയിരുന്നു.

പിഎംഎംഎസ്വൈ പിന്തുണയോടെ പരീക്ഷണാടിസ്ഥാനത്തിൽ നടപ്പാക്കിയ മറ്റൊരു പദ്ധതി ജെഎസ്ഡബ്ല്യു ജയ്ഗഡ് പോർട്ട് ലിമിറ്റഡിന്റെ സിഎസ്ആർ സംരംഭത്തിലൂടെ സിഎംഎഫ്ആർഐ സാങ്കേതികവിദ്യ ഉപയോഗിച്ച് സഹകരണ സ്ഥാപനങ്ങളുമായി ചേർന്ന് 30 കൂടുകൾ സ്ഥാപിച്ചു. പരീക്ഷണാടിസ്ഥാനത്തിൽ നടപ്പാക്കിയ ഈ പദ്ധതികൾ പുറംകടൽ കൂടുകൃഷിയുടെ സാങ്കേതിക സാധ്യതയും വാണിജ്യ വാഗ്ദാനവും അടിവരയിടുന്നതിനൊപ്പം ഈ പ്രവർത്തനങ്ങൾ വ്യാപിപ്പിച്ച് ആധുനിക സമുദ്ര മത്സ്യകൃഷിയുടെ കേന്ദ്രമായി ലക്ഷദ്വീപിനെ മാറ്റാൻ നിക്ഷേപകർക്ക് അവസരമൊരുക്കുകയും ചെയ്യുന്നു.

ICL
Join ICL, Grow with us
ICL Fincorp
ഗോൾഡ് ലോൺ @ 75* പൈസ
*As Per EMI Scheme Basis *T&C Apply
പ്രതിമാസ പലിശ നിരക്ക് 100 രൂപയ്ക്ക്
കുറഞ്ഞ പലിശ നിരക്ക്
ഉയർന്ന മൂല്യം | അതിവേഗം
TOLL-FREE : 1800 31 333 53

# പ്രതിരോധ നിരയുടെ കരുത്ത് വർധിപ്പിച്ച് ഇന്ത്യ; ഐഎൻഎസ് 335 കമ്മീഷൻ ചെയ്യാനൊരുങ്ങി ഇന്ത്യൻ നാവികസേന

**ന്യൂഡൽഹി:** ഇന്ത്യൻ പ്രതിരോധ നിരയുടെ കരുത്ത് വർധിപ്പിച്ചുകൊണ്ട് നാവികസേനയുടെ രണ്ടാമത് MH60R ഹെലികോപ്റ്റർ വ്യൂഹം ഐഎൻഎസ് 335 (ഓസ്പ്രെയ്സ്) സേനയുടെ ഭാഗമാകുന്നു. ഡിസംബർ 17ന് ഗോവയിൽ ഐഎൻഎസ് ഹൻസയിൽ നാവികസേനാ മേധാവി അഡ്മിറൽ ദിനേശ് കെ. ത്രിപാഠിയുടെ സാന്നിധ്യത്തിൽ ഐഎൻഎസ് 335 കമ്മീഷൻ ചെയ്യും. ആധുനികവൽക്കരണത്തിനും



ശേഷി വർധനയ്ക്കും ഇന്ത്യൻ നാവികസേന നടത്തിവരുന്ന തുടർച്ചയായ ശ്രമങ്ങളിലെ സുപ്രധാന നാഴികക്കല്ലായി ചടങ്ങ് മാറും. അത്യാധുനിക ആയുധങ്ങളും സെൻസറുകളും ഏവിയോണിക്സ് സ്യൂട്ടും നാവികസേനയുടെ ബഹുമുഖ ശേഷിയുള്ള മുതൽക്കൂട്ടാക്കി ഈ ഹെലികോപ്റ്ററിനെ മാറ്റുന്നു. ഏതു വിധത്തിലുമുള്ള ആക്രമണത്തെ നേരിടാൻ സേനയ്ക്ക് കരുത്തു പകരുന്നതാണ് INS335. നാവികസേന ദൗത്യങ്ങളുമായി പൂർണമായി സംയോജിപ്പിച്ച ഈ ഹെലികോപ്റ്റർ നിരവധി അവസരങ്ങളിൽ മികവ് തെളിയിച്ചിട്ടുണ്ട്. ഹെലികോപ്റ്റർ വ്യൂഹം കമ്മീഷൻ ചെയ്യുന്നതോടെ ഇന്ത്യൻ നാവികസേനയുടെ അവിഭാജ്യ വ്യോമശേഷിയ്ക്ക് വലിയ ഉത്തേജനം ലഭിക്കുമെന്നാണ് വിലയിരുത്തപ്പെടുന്നത്.



# ആർട്ട് ബൈ ചിൽഡ്രൻ റൂം പദ്ധതിക്ക് തുടക്കമായി

**കൊച്ചി:** നിങ്ങളിലെ കുട്ടിയെ തിരികെ കൊണ്ടുവരാനുള്ള ഇടമാണ് ആർട്ട് ബൈ ചിൽഡ്രൻ ആർട്ട് റൂമെന്ന് ജില്ലാ കളക്ടർ ജി. പ്രിയങ്ക പറഞ്ഞു. ഫോർട്ട് കൊച്ചി വാട്ടർ മെട്രോ സ്റ്റേഷനിലെ ആർട്ട് റൂമിൽ കൊച്ചി ബിനാലെ ഫൗണ്ടേഷന്റെ (കെബിഎഫ്) ആർട്ട് ബൈ ചിൽഡ്രൻ (എബിസി) പരിപാടി ഉദ്ഘാടനം ചെയ്യുകയായിരുന്നു അവർ. വർഷങ്ങളായി മനസ്സിൽ സ്വരുക്കൂട്ടിയിരിക്കുന്ന സമ്മർദ്ദങ്ങളിൽ നിന്ന് മോചിതരാകാനും, നിർഭയവും നിഷ്കളങ്കവും, മുൻവിധിയില്ലാത്തതും മാത്സര്യം ഇല്ലാത്തതുമായ സന്തോഷകരമായ ബാല്യത്തിലേക്ക് മടങ്ങിപ്പോകാൻ ഇത്തരം ഇടങ്ങൾ നമ്മെ സഹായിക്കുമെന്ന് ജി. പ്രിയങ്ക പറഞ്ഞു. കുട്ടികൾക്ക് മാത്രമല്ല മുതിർന്നവർക്കും വേണ്ടിയുള്ളതാണ് ഈയിടം.

കൊച്ചിമുസിരിസ് ബിനാലെ (കെഎംബി) ലോകമെമ്പാടുമുള്ള ആളുകളെ ഒരുമിപ്പിക്കുകയും, കൊച്ചിയെ മികച്ച വിനോദസഞ്ചാര കേന്ദ്രമായി ആഗോള ഭൂപടത്തിൽ അടയാളപ്പെടുത്താൻ സഹായിക്കുകയും ചെയ്തുവെന്നും അവർ പറഞ്ഞു. എബിസിയുടെ ഭാഗമായി വിവിധ മേഖലകളിലെ ആർട്ടിസ്റ്റ്ഫെസിലിറ്റേറ്റർമാർ നയിക്കുന്ന വർക്ക്ഷോപ്പുകൾ നടത്തുന്നതിനായി ഫോർട്ട് കൊച്ചിയിൽ രണ്ട് ആർട്ട് റൂമുകൾ സജ്ജീകരിച്ചിരിക്കുന്നു. ഫോർട്ട് കൊച്ചിയിലെ ബാസ്റ്റിൻ ബംഗ്ലാവിലും വാട്ടർ മെട്രോ സ്റ്റേഷനിലുമാണ് ഈ സ്ഥലങ്ങൾ. എറണാകുളം, തൃശ്ശൂർ, ആലപ്പുഴ ജില്ലകളിലെ വിദ്യാർത്ഥികളുടെ ചിന്തോദ്ദീപകമായ ചിത്രങ്ങളും ആശയങ്ങളും ബാസ്റ്റിൻ ബംഗ്ലാവിൽ പ്രദർശിപ്പിച്ചിട്ടുണ്ട്.

എബിസി ആർട്ട് റൂം 2018ലാണ് ആരംഭിച്ചത്. കേരളത്തിലെ എറണാകുളം, തൃശ്ശൂർ, ആലപ്പുഴ, പാലക്കാട് ജില്ലകളിലെ സർക്കാർ സ്കൂളുകളിൽ ഇതിനായി പ്രത്യേക ആർട്ട് റൂമുകൾ സ്ഥാപിച്ചിട്ടുണ്ട്. നിലവിൽ സർക്കാർ സ്കൂളുകളിൽ പ്രവർത്തിക്കുന്ന ആർട്ട് റൂം, പണം ഈടാക്കി സ്വകാര്യ സ്കൂളുകളിലും സ്ഥാപിക്കാനാകുമെന്ന് കെബിഎഫ് ട്രസ്റ്റി മറിയം റാം പറഞ്ഞു. കുട്ടികൾക്കും മുതിർന്നവർക്കും സർഗ്ഗാത്മകത പ്രദർശിപ്പിക്കാൻ വാട്ടർ മെട്രോ ആർട്ട് റൂം സഹായിക്കുമെന്ന് കെഎംബി പ്രസിഡന്റ് ബോസ് കൃഷ്ണമാചാരി പറഞ്ഞു.

# ഐലൻഡ് വെയർഹൗസ് പവലിയൻ പൊതുജനങ്ങൾക്കായി തുറന്നു

**കൊച്ചി:** കൊച്ചിമുസിരിസ് ബിനാലെ ആറാം ലക്കത്തിന്റെ ഏറ്റവും വലിയ പ്രദർശന ഇടമായ വെല്ലിംഗ്ടൺ ഐലൻഡ് വെയർഹൗസ് പവലിയൻ ഔദ്യോഗികമായി തുറന്നു നൽകി. ക്യൂറേറ്റർ നിഖിൽ ചോപ്ര, കൊച്ചി മുസിരിസ് ബിനാലെ പ്രസിഡന്റ് ബോസ് കൃഷ്ണമാചാരി, കെ ബി എഫ് ചെയർപേഴ്സൺ ഡോ. വേണു വി, എച്ച്എച്ച് ആർട്ട് സ്പേസസ് എന്നിവരുടെ സാന്നിധ്യത്തിൽ ഞായറാഴ്ച വൈകുന്നേരമാണ് പവലിയൻ ഔദ്യോഗികമായി തുറന്നത്. 20,000 ചതുരശ്ര അടിയാണ് പവലിയന്റെ വിസ്തീർണ്ണം. കൊച്ചി നഗരത്തിലെ വേദികളും മട്ടാഞ്ചേരിഫോർട്ട് കൊച്ചിയിലെ വേദികളും നേരത്തെ തന്നെ പ്രദർശനം തുടങ്ങിയിരുന്നു. ഐലൻഡ് വെയർഹൗസിന്റെ ഉദ്ഘാടനത്തോടെ ബിനാലെയുടെ പ്രധാന വേദികളെല്ലാം തുറന്നു. കൊച്ചിയിലെ സുപ്രധാന വ്യാവസായിക പൈതൃക കേന്ദ്രത്തിൽ വ്യാപിച്ചുകിടക്കുന്ന ഐലൻഡ് വെയർഹൗസ് പവലിയൻ, ഈ പതിപ്പിന്റെ ക്യൂറേറ്റോറിയൽ കാഴ്ചപ്പാടിൽ ഒരു പ്രധാന പങ്ക് വഹിക്കുന്നുണ്ട്. ലടോയ റൂബി ഫ്രേസിയർ, ഡിനിയോ, സേഷീ, ബോപാപെ, ആരതി കദം, മീനു ജെയിംസ്, ഖഗേശ്വർ റൗട്ട്, സബിത കടന്നപ്പള്ളി, രാജ ബോറോ, ലക്ഷ്മി നിവാസ് കളക്റ്റീവ്, സായൻ ചന്ദ, വിനോജ ധർമ്മലിംഗം, മറീന അബ്രമോവിച്ച് തുടങ്ങിയവരുടെ പ്രദർശനങ്ങളാണ് ഇവിടെയുള്ളത്. തിങ്കളാഴ്ച മുതൽ പവലിയൻ പൊതുജനങ്ങൾക്കായി തുറന്നു കൊടുക്കും. കൊച്ചി മുസിരിസ് ബിനാലെയുടെ യാത്രയിലെ പ്രധാന പ്രദർശനത്തിൽ പങ്കുചേരാൻ കലാകാരന്മാരെയും, സഹകാരികളെയും, രക്ഷാധികാരികളെയും, പൊതുജനങ്ങളെയും കൊച്ചി ബിനാലെ ഫൗണ്ടേഷൻ ക്ഷണിച്ചു.





# ദേശീയ ബ്ലൈൻഡ് ഫുട്ബോൾ ചാംപ്യൻഷിപ്പ്: തയ്യാറെടുപ്പുമായി കേരളാ ബ്ലൈൻഡ് ഫുട്ബോൾ ടീം ഉത്തരാഖണ്ഡിൽ

**കൊച്ചി:** ഇന്ത്യൻ ബ്ലൈൻഡ് ഫുട്ബോൾ ഫെഡറേഷൻ സംഘടിപ്പിക്കുന്ന ഒൻപതാമത് ദേശീയ ബ്ലൈൻഡ് ഫുട്ബോൾ ചാമ്പ്യൻഷിപ്പിൽ പങ്കെടുക്കുന്നതിനായി കേരളാ ബ്ലൈൻഡ് ഫുട്ബോൾ ടീം ഉത്തരാഖണ്ഡിലെത്തി. ഡെറാഡൂണിൽ മഹാറാണ പ്രതാപ് സ്പോർട് കോളേജ് ഗ്രൗണ്ടിൽ വെച്ച് നടക്കുന്ന ചാമ്പ്യൻഷിപ്പിൽ പങ്കെടുക്കുന്നതിനായി ഹെഡ് കോച്ച് പി. എസ് സുജിതിന്റെ നേതൃത്വത്തിൽ 13 അംഗ ടീം ആണ് ഉത്തരാഖണ്ഡിൽ എത്തിയിരിക്കുന്നത്. ഇത് വരെ നടന്ന എട്ടു ദേശീയ ചാമ്പ്യൻഷിപ്പിൽ അഞ്ചിലും ഫൈനലിൽ എത്താനും രണ്ടു തവണ ചാംപ്യൻമാരാവാനും കേരളാ ബ്ലൈൻഡ് ഫുട്ബോൾ ടീമിന് കഴിഞ്ഞിട്ടുണ്ട്. ഗ്രൂപ്പ് ഘട്ടത്തിൽ ശക്തരായ, ഉത്തരാഖണ്ഡ്, മേഘാലയ, ഒഡിഷ എന്നീ ടീമുകളെ കേരളം നേരിടും. അഭിഷേക് കെ, ടി.പി മുഹമ്മദ് അനസ്, തുഫൈൽ അബ്ദുള്ള ടി (കോഴിക്കോട്) അഖിൽ ലാൽ, ഇഷാഖ് ഇബി (തൃശ്ശൂർ ) അനന്തു ശശികുമാർ, ടോമി ജോസഫ് (കോട്ടയം) മുഹമ്മദ് വി.എ. (എറണാകുളം). ഗോൾകീപ്പർ : അനുഗ്രഹ് ടി.എസ്. (എറണാകുളം) സുജിത് പി.എസ്. (ആലപ്പുഴ). ലേബി ജോൺ, (അസിസ്റ്റന്റ് കോച്ച്) മുഹമ്മദ് സുഹൈബ് (ഗോൾ ഗൈഡ്) മുഹമ്മദ് റഷാദ് (ടീം കോർഡിനേറ്റർ ) എന്നിവരാണ് ടീം അംഗങ്ങൾ.




# മാക്ട ഇയർ പ്ലാനർ പ്രകാശനം ചെയ്തു

**കൊച്ചി:** മലയാളം സിനി ടെക്നീ ഷ്യൻസ്അസോസിയേഷൻ മാക്ട ഈ വർഷം പുറത്തിറക്കുന്ന ഇയർ പ്ലാനറിന്റെ പ്രകാശനം ചലച്ചിത്ര സംവിധായകൻ ഡോ. ബിജു ബേബി മാത്യു സോമ തീരത്തിന് നൽകി നിർവ്വഹിച്ചു. തിരുവനന്തപുരം ഇന്റർനാഷണൽ ഫിലിം ഫെസ്റ്റിവലിലെ മാക്ട ഹാളിൽ നടന്ന പ്രകാശന ചടങ്ങിൽ മാക്ട ചെയർമാൻ ജോഷി മാത്യു, ജനറൽ സെക്രട്ടറി ശ്രീകുമാർ അരൂക്കുറ്റി, ട്രഷറർ സജിൻ ലാൽ, എക്സിക്യൂട്ടീവ് അംഗങ്ങളായ ജോസ് തോമസ്, വേണു. ബി. നായർ, എ.എസ്.ദിനേശ്, സംവിധായകൻ തുളസിദാസ് തുടങ്ങിയവർ പങ്കെടുത്തു

# എല്ലാ ജില്ലയിലും ഓട്ടിസം കോംപ്ലക്സുകൾ സ്ഥാപിക്കും: വി ശിവൻകുട്ടി

**തിരുവനന്തപുരം:** സ്റ്റാർസ് പദ്ധതി പ്രകാരം 14 ജില്ലകളിലും അത്യാധുനിക മോഡൽ ഓട്ടിസം കോംപ്ലക്സ് സ്ഥാപിക്കുമെന്ന് വിദ്യാഭ്യാസ മന്ത്രി വി ശിവൻകുട്ടി. രണ്ടേമുക്കാൽ കോടി രൂപ ഓരോ ഓട്ടിസം സെന്ററിനായി മാറ്റി വെച്ചിരിക്കുകയാണെന്നും സെക്രട്ടേറിയറ്റ് പിആർ ചേംബറിൽ നടന്ന വാർത്താസമ്മേളനത്തിൽ മന്ത്രി പറഞ്ഞു.

അഞ്ചാം ക്ലാസ്സ് മുതൽ ഒമ്പതാം ക്ലാസ്സ് വരെ ഈ വർഷം സബ്ജക്ട് മിനിമം നടപ്പിലാക്കും. 2027 മുതൽ എസ്.എസ്.എൽ.സി. പരീക്ഷയിൽ സബ്ജക്ട് മിനിമം നടപ്പിലാക്കും. ഒന്നു മുതൽ പത്ത് വരെയുള്ള അർധ വാർഷിക പരീക്ഷ ഡിസംബർ 23 ന് അവസാനിക്കും. ഹയർ സെക്കണ്ടറി അർധ വാർഷിക പരീക്ഷ ക്രിസ്തുമസ് അവധി കഴിഞ്ഞ് ജനുവരി 6 ന് അവസാനിക്കും. ക്രിസ്തുമസ് അവധി പന്ത്രണ്ട് ദിവസമാണ് ഈ വർഷം നൽകിയിരിക്കുന്നത്. സാധാരണയായി ഒമ്പത് ദിവസമാണ് നൽകി വന്നിരുന്നത്.

ഹയർ സെക്കണ്ടറി രണ്ടാംവർഷ ബ്രെയിലി പാഠപുസ്തങ്ങൾ വിതരണം പൂർത്തിയായി. ഒന്നു മുതൽ പത്ത് വരെയുള്ള രണ്ടാം വാല്യം 593 ടൈറ്റിലുകളിലായി 6 കോടി പാഠപുസ്തകങ്ങൾ വിതരണം ചെയ്തതായും മന്ത്രി അറിയിച്ചു.

# ലേബർ കോൺക്ലേവ് 19 ന് മുഖ്യമന്ത്രി ഉദ്ഘാടനം ചെയ്യും

**തിരുവനന്തപുരം:** രാജ്യത്ത് നിലനിന്ന ഇരുപത്തിയൊമ്പത് തൊഴിൽ നിയമങ്ങളെ 4 തൊഴിൽ കോഡുകളാക്കി മാറ്റി കേന്ദ്ര സർക്കാർ നടപ്പിലാക്കിയ പരിഷ്കാരത്തിനെതിരേ തൊഴിലാളികളുടെയും സംസ്ഥാനത്തിന്റെയും താൽപ്പര്യം സംരക്ഷിക്കുന്ന ബദൽ നയം രൂപീകരിക്കാനായി 'ലേബർ കോൺക്ലേവ് 2025' സംഘടിപ്പിക്കുന്നു. ഡിസംബർ 19 രാവിലെ 10 ന് തിരുവനന്തപുരം തൈക്കാട് ലെമൺ ട്രീ പ്രീമിയറിൽ മുഖ്യമന്ത്രി പിണറായി വിജയൻ ലേബർ കോൺക്ലേവ് ഉദ്ഘാടനം ചെയ്യും. ഫെഡറൽ സംവിധാനത്തിൽ സംസ്ഥാനങ്ങൾക്ക് മേൽ അടിച്ചേൽപ്പിക്കുന്ന തൊഴിൽ നിയമങ്ങൾക്കെതിരായ യോജിച്ച പോരാട്ടത്തിന്റെ ഭാഗമായി ഇതര സംസ്ഥാനങ്ങളിലെ തൊഴിൽ മന്ത്രിമാരും കോൺക്ലേവിൽ പങ്കെടുക്കുമെന്ന് സെക്രട്ടേറിയറ്റ് പിആർ ചേംബറിൽ നടന്ന വാർത്താസമ്മേളനത്തിൽ തൊഴിൽ മന്ത്രി വി ശിവൻകുട്ടി അറിയിച്ചു.

പഞ്ചാബ് തൊഴിൽ വകുപ്പ് മന്ത്രി തരുൺ പ്രീത് സിംഗ്, തമിഴ്നാട് തൊഴിൽ വകുപ്പ് മന്ത്രി സി.വി. ഗണേശൻ, ത്സാർഖണ്ഡ് തൊഴിൽ വകുപ്പ് മന്ത്രി സഞ്ചയ് പ്രസാദ് യാദവ്, തെലങ്കാന മന്ത്രി വിവേക് വെങ്കട്ടസ്വാമി എന്നിവരെ കൂടാതെ സംസ്ഥാന മന്ത്രിമാരായ കെ.എൻ. ബാലഗോപാൽ, പി. രാജീവ് എന്നിവരും പങ്കെടുക്കും. സുപ്രീം കോടതി മുൻ ജഡ്ജിമാർ, അഡ്വക്കറ്റ് ജനറൽ, ദേശീയസംസ്ഥാന ട്രേഡ് യൂണിയൻ നേതാക്കൾ, നിയമഅക്കാദമിക് വിദഗ്ധർ എന്നിവർ പങ്കെടുക്കുന്ന രണ്ട് പ്രധാന ടെക്നിക്കൽ സെഷനുകൾ കോൺക്ലേവിന്റെ ഭാഗമായി നടക്കും.

ലേബർ കോഡുകളുടെ പ്രത്യാഘാതങ്ങൾ എന്ന വിഷത്തിൽ നടക്കുന്ന ആദ്യ സെഷനിൽ അഡ്വക്കേറ്റ് ജനറൽ കെ. ഗോപാലകൃഷ്ണ കുറുപ്പ് അദ്ധ്യക്ഷനാകും. സുപ്രീം കോടതി മുൻ ജഡ്ജി ജസ്റ്റിസ് ഗോപാല ഗൗഡ മുഖ്യപ്രഭാഷണം നടത്തും. കേരളത്തിന്റെ തൊഴിൽ നയത്തിന്റെ പശ്ചാത്തലത്തിൽ ലേബർ കോഡുകളെ നേരിടാനുള്ള ബദൽ തന്ത്രങ്ങൾ എന്ന വിഷയത്തിലെ രണ്ടാമത്തെ സെഷനിൽ എളമരം കരീം അദ്ധ്യക്ഷനാകും. പ്രൊഫ. ശ്യാം സുന്ദർ മുഖ്യപ്രഭാഷണം നടത്തും. സി.ഐ.ടി.യു ജനറൽ സെക്രട്ടറി തപൻ സെൻ, എ.ഐ.ടി.യു.സി ജനറൽ സെക്രട്ടറി അമർജിത്ത് കൗർ തുടങ്ങിയ ദേശീയ നേതാക്കൾ ചർച്ചകളിൽ പങ്കുചേരും. കോൺക്ലേവിന്റെ സമാപനത്തിൽ സംസ്ഥാനത്തിന്റെ താൽപ്പര്യം സംരക്ഷിക്കുന്നതിനുള്ള നയപ്രഖ്യാപനം നടത്തും.

തൊഴിലാളി വിരുദ്ധമായ കോഡുകൾക്കെതിരെ കേരളം ഉയർത്തുന്ന ഈ പ്രതിരോധം രാജ്യത്തിന് മാതൃകയാകും. നയപ്രഖ്യാപനത്തിന്റെ ആശയം ഉൾക്കൊള്ളുന്ന ആവശ്യങ്ങൾ അടങ്ങിയ കത്തുമായി ലേബർ കോഡുകളെ എതിർക്കുന്ന വിവിധ കേന്ദ്ര തൊഴിലാളി യൂണിയൻ പ്രതിനിധികളുമായി കേന്ദ്ര തൊഴിൽ മന്ത്രിയെ കാണുമെന്നും മന്ത്രി വ്യക്തമാക്കി.

## അപേക്ഷ ക്ഷണിച്ചു

**തിരുവനന്തപുരം:** സ്ത്രീകളുടെ രാത്രി യാത്ര സുരക്ഷിതത്വം ഉറപ്പാക്കുന്നതിനായി കേരള വനിതാ കമ്മീഷൻ സുരക്ഷാ ഓഡിറ്റ് പദ്ധതി നടപ്പാക്കുന്നു. ഇതിന്റെ ഭാഗമായി കേരളത്തിലെ ആറ് നഗര മേഖലകളിലെ സുരക്ഷാ സംവിധാനങ്ങൾ മനസിലാക്കുന്നതിനും വിവരശേഖരണം നടത്തുന്നതിനുമായി സർവ്വേ നടത്തി റിപ്പോർട്ട് നൽകുന്നതിനായി പ്രവർത്തന പരിചയമുള്ള ഏജൻസികൾ, ഗവേഷണ സ്ഥാപനങ്ങൾ എന്നിവയിൽ നിന്ന് അപേക്ഷ ക്ഷണിച്ചു. വിശദാംശങ്ങൾ keralawomenscommission.gov.in ൽ ലഭ്യമാണ്. അപേക്ഷകൾ ഡിസംബർ 24 ന് മുൻപ് കമ്മീഷനിൽ ലഭ്യമാക്കണം.

# ഊർജ കാര്യക്ഷമതയിൽ കേരളത്തിന് ദേശീയ അംഗീകാരം

**തിരുവനന്തപുരം:** സംസ്ഥാനങ്ങളുടെയും കേന്ദ്രഭരണ പ്രദേശങ്ങളുടെയും ഊർജ കാര്യക്ഷമത വിലയിരുത്തുന്ന ദേശീയ സൂചികയായ സ്റ്റേറ്റ് എനർജി എഫിഷ്യൻസി ഇൻഡക്സിൽ ഗ്രൂപ്പ് 3 വിഭാഗത്തിൽ കേരളത്തിന് ഒന്നാം റാങ്ക്. ഊർജ കാര്യക്ഷമത രംഗത്തെ സംസ്ഥാനത്തിന്റെ മികച്ച പ്രകടനത്തിനുള്ള ദേശീയതലത്തിലുള്ള പുരസ്കാരമാണ് കേരളം സ്വന്തമാക്കിയത്.

ന്യൂഡൽഹിയിൽ നടന്ന ചടങ്ങിൽ ഊർജ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി എ പുനീത് കുമാറും, എനർജി മാനേജ്മെന്റ് സെന്റർ ഡയറക്ടർ ഡോ. ആർ ഹരികുമാറും ചേർന്ന് രാഷ്ട്രപതി ദ്രൗപദി മുർമുവിൽ നിന്നും പുരസ്കാരം ഏറ്റുവാങ്ങി.

കാർഷിക മേഖല, വൈദ്യുത വിതരണ രംഗം, ഗതാഗതം, വ്യവസായ മേഖല, വൻകിട കെട്ടിടങ്ങൾ, ഗാർഹിക മേഖല തുടങ്ങി വിവിധ മേഖലകളിൽ ഊർജ്ജ കാര്യക്ഷമത ഉറപ്പാക്കാൻ സംസ്ഥാന സർക്കാർ സ്വീകരിച്ച നടപടികൾ വിലയിരുത്തിയാണ് കേരളത്തെ പുരസ്കാരത്തിനായി തിരഞ്ഞെടുത്തത്. ഈ മേഖലകളിൽ ഊർജ്ജ കാര്യക്ഷമത വർധിപ്പിക്കുന്നതിനായി സർക്കാർ, സർക്കാർ ഇതര സ്ഥാപനങ്ങളുടെ ധനസഹായത്തോടെ നടപ്പാക്കിവരുന്ന വിവിധ പദ്ധതികളും പ്രവർത്തനങ്ങളും പുരസ്കാര നിർണ്ണയത്തിൽ നിർണ്ണായകമായി.

കൂടാതെ, രാജ്യത്ത് ആദ്യമായി 'എനർജി കൺസർവേഷൻ ആൻഡ് സസ്റ്റെയിനബിൾ ബിൽഡിംഗ് കോഡ് റൂൾസ്' വിജ്ഞാപനം ചെയ്ത് കെട്ടിട നിർമ്മാണ ചട്ടങ്ങളിൽ ഉൾപ്പെടുത്തിയ സംസ്ഥാനമെന്ന നിലയിൽ കേരളം കൈവരിച്ച മുന്നേറ്റവും പുരസ്കാര നേട്ടത്തിന് കാരണമായി. ഊർജ സംരക്ഷണവും സുസ്ഥിര വികസനവും ലക്ഷ്യമിട്ട് സംസ്ഥാന സർക്കാർ സ്വീകരിച്ച സമഗ്ര സമീപനത്തിനുള്ള ദേശീയ അംഗീകാരമാണ് ഈ പുരസ്കാരം.



# മനുഷ്യാവതാര സന്ദേശയാത്ര 27ന്; ഒരുക്കങ്ങൾ പുരോഗമിക്കുന്നു

**ചങ്ങനാശേരി:** ഈശോയുടെ മനുഷാവതാര ജൂബിലി ആഘോഷങ്ങളുടെ സമാപനത്തിന്റെയും ക്രിസ്മസിന്റെയും ഭാഗമായി അതിരൂപത നടത്തുന്ന വ്യത്യസ്ത ക്രിസ്മസ് ആഘോഷ പരിപാടികൾക്ക് തുടക്കംകുറിച്ചു. മീഡിയ വില്ലേജിന്റെ സഹകരണത്തോടെ സംഘടിപ്പിക്കുന്ന ഈ ആഘോഷ പരിപാടികൾക്കായി ചങ്ങനാശേരി, തുരുത്തി, തൃക്കൊടിത്താനം, കുറുമ്പനാടം ഫൊറോനകളിലെ വിവിധ ഇടവകകളിൽനിന്നുള്ള പ്രതിനിധികളെ പങ്കെടുപ്പിച്ചുകൊണ്ട് നേതൃസമ്മേളനം വികാരി ജനറാൾ മോൺ. ആൻറണി എത്തയ്ക്കാട്ട് ഉദ്ഘാടനം ചെയ്തു.

മീഡിയ വില്ലേജ് എക്സിക്യൂട്ടീവ് ഡയറക്ടർ ഫാ. ജോഫി പുതുപ്പറമ്പിൽ അധ്യക്ഷത വഹിച്ചു. ഫാ. സെബാസ്റ്റ്യൻ ചാമക്കാല, ഫാ. ജേക്കബ് ചീരംവേലിൽ, ഫാ. സാവിയോ മാനാട്ട്, ഫാ. ലിപിൻ തുണ്ടുകളം, ഫാ. ജോൺസൺ മുണ്ടുവേലിൽ, ഫാ. നിഖിൽ അറയ്ക്കത്തറ, ഫിലിപ്പ് തോപ്പിൽ എന്നിവർ പ്രസംഗിച്ചു.

കുടുംബ കൂട്ടായ്മ, യുവദീപ്തി എസ്എംവൈഎം, ഫാമിലി അപ്പൊസ്തലേറ്റ്, സൺഡേസ്കൂൾ എന്നിവയുടെ നേതൃത്വത്തിലാണ് മനുഷാവതാര സന്ദേശയാത്ര നടത്തുന്നത്. 27ന് വൈകുന്നേരം അഞ്ചിന് ആർച്ച്ബിഷപ്സ് ഹൗസിൽനിന്നും എസ്ബി കോളജിലേക്ക് നടത്തുന്ന ഈ സന്ദേശയാത്രയിൽ വ്യത്യസ്ത വേഷവിധാനങ്ങളോടെ ആയിരക്കണക്കിന് വിശ്വാസികൾ പങ്കെടുക്കും.

പരിപാടികളുടെ സുഗമമായ നടത്തിപ്പിന് 101 അംഗ വോളണ്ടിയേഴ്സ് കമ്മിറ്റിയും രൂപീകരിച്ചു.

# ശബരിമലയിൽ മണ്ഡലകാല ദർശനത്തിന് 24 ലക്ഷത്തിലധികം പേർ എത്തി

**ശബരിമല:** അയ്യപ്പ ദർശനത്തിനായി കാനനപാത വഴി സന്നിധാനത്ത് എത്തുന്ന ഭക്തരുടെ എണ്ണത്തിൽ വർധന. മണ്ഡലകാലം ആരംഭിച്ചശേഷം ഇതേവരെ വിവിധ കാനനപാതകളിലൂടെ 1,02,338 പേരാണ്. സത്രം, പുല്ലുമേട് വഴി 64,776 ഭക്തരാണ് സന്നിധാനത്ത് ഇതേവരെ എത്തിയത്. 4000 മുതൽ 5000 വരെ ഭക്തരാണ് പ്രതിദിനം ഈ വഴിയിലൂടെ എത്തുന്നത്. കാനനപാതകൾ വഴിയുള്ള ഭക്തരുടെ എണ്ണം വരുംദിവസങ്ങളിലും വർധിക്കുമെന്നാണ് കരുതുന്നത്.

സന്നിധാനത്ത് എത്തിയ ആകെ ഭക്തരുടെ എണ്ണം 24 ലക്ഷം കവിഞ്ഞു. 13 വരെ 23,47,554 ഭക്തരാണ് പമ്പ ശബരിമല പാതയിലൂടെ സന്നിധാനത്ത് എത്തിയത്. വിവിധ കാനന പാതകളിലൂടെ എത്തിയ ഒരു ലക്ഷം ഭക്തരെ കൂടി കൂട്ടുമ്പോൾ എത്തിയവരുടെ എണ്ണം 24 ലക്ഷം കവിയും. ശരാശരി 80,000 തീർഥാടകരാണ് ഒരു ദിവസം സന്നിധാനത്ത് എത്തുന്നത്. കഴിഞ്ഞ എട്ടിനാണ് ഏറ്റവും അധികം പേരെത്തിയത്. 1,01,844 പേർ. നവംബർ 24നും ഭക്തരുടെ എണ്ണം ഒരു ലക്ഷം കവിഞ്ഞിരുന്നു

ശബരിമലയിലും പമ്പയിലും പരിശോധനകൾ കർശനമാക്കി ഭക്ഷ്യസുരക്ഷാ സ്ക്വാഡ്. പമ്പയിൽ 328, സന്നിധാനത്ത് 302 എന്നിങ്ങനെയാണ് ഇതേവരെ നടത്തിയ പരിശോധനകൾ. പമ്പയിൽ ന്യൂനതകൾ കണ്ടെത്തിയ സ്ഥാപനങ്ങൾക്കെതിരേ ആറ് കോമ്പൗണ്ടിംഗ് നോട്ടീസുകളും 21 റെക്റ്റിഫിക്കേഷൻ നോട്ടീസുകളും നൽകിയിട്ടുണ്ട്. സന്നിധാനത്ത് 24 സ്ഥാപനങ്ങൾക്ക് റെക്റ്റിഫിക്കേഷൻ നോട്ടീസ് നൽകി.

ആറു പരാതികൾ പരിഹരിക്കുകയും നാല് സ്ഥാപനങ്ങളിൽ നിന്നും കോമ്പൗണ്ടിംഗ് നടപടികൾ മുഖേന 30,000 രൂപ പിഴ ഈടാക്കുകയും ചെയ്തു. പമ്പയിലും സന്നിധാനത്തുമുള്ള ഭക്ഷ്യ സംരംഭകർക്കായി ഫുഡ് ഹാൻഡിലിംഗുമായി ബന്ധപ്പെട്ട ബോധവത്കരണ പരിപാടികളും സംഘടിപ്പിച്ചു. പ്രാഥമിക ഗുണനിലവാര പരിശോധനയ്ക്കായി പമ്പയിൽ 69, സന്നിധാനത്ത് 62 എന്നിങ്ങനെ ഭക്ഷ്യ സാമ്പിളുകൾ പരിശോധനയ്ക്ക് അയച്ചിട്ടുണ്ട്. എല്ലാ സ്ഥാപനങ്ങളിലും ഭക്ഷ്യസുരക്ഷാ ടോൾഫ്രീ നമ്പറുകൾ പ്രദർശിപ്പിക്കാൻ നിർദ്ദേശിച്ചിട്ടുണ്ട്. വരുംദിവസങ്ങളിലും പരിശോധനകൾ തുടരുമെന്ന് ഭക്ഷ്യസുരക്ഷാ ഉദ്യോഗസ്ഥർ അറിയിച്ചു.



# സ്കൂൾ വിദ്യാർത്ഥികൾക്ക് ഔർ ഓഫ് കോഡ് ഒരുക്കി ഫിസാറ്റ്

**അങ്കമാലി:** വളർന്നു വരുന്ന പുതുതലമുറക്ക് കമ്പ്യൂട്ടർ കോഡിങ്ങിൽ പ്രാവിണ്യം നേടുന്നതിന് സ്കൂൾ വിദ്യാർത്ഥികൾക്ക് കോഡിങ് പരിശീലനം ഒരുക്കി ഫിസാറ്റ് എഞ്ചിനീയറിംഗ് കോളേജ്. കമ്പ്യൂട്ടർ സയൻസ് വാരാചരണത്തോടനുബന്ധിച്ചു ഫിസാറ്റ് എഞ്ചിനീയറിംഗ് കോളേജ് സംഘടിപ്പിച്ച പരിശീലന പരിപാടിയിൽ മൂക്കന്നൂർ ഗവണ്മെന്റ് സ്കൂളിലെ എട്ടാം ക്ലാസ്സ്, ഒമ്പതാം ക്ലാസ് വിദ്യാർത്ഥികൾ പങ്കാളികളായി. കമ്പ്യൂട്ടർ സയൻസ് ആൻഡ് എഞ്ചിനീയറിംഗ് വിഭാഗം മേധാവി Dr. പോൾ പി മത്തായി ആണ് പരിപാടികൾക്ക് നേതൃത്വം നൽകിയത്. കമ്പ്യൂട്ടിങ് മേഖലയിലെ അന്താരാഷ്ട്ര സംഘടനായ അസോസിയേഷൻ ഓഫ് കമ്പ്യൂട്ടിങ് മെഷിനറി ഫിസാറ്റ് ചാപ്റ്റർ ആണ് പരിപാടികൾ വിദ്യാർത്ഥികളിലേക്ക് എത്തിക്കുന്നത്. വിദ്യാർത്ഥികളിൽ പുതിയ പഠന രീതികൾ രൂപപെടുത്തിയെടുക്കുന്നതിനും കോഡിംഗ് അഭിരുചികൾ വികസിപ്പിച്ചെടുക്കുന്നതിനും ലക്ഷ്യമിട്ട് ആരംഭിച്ച പരിപാടിയിൽ ഇതിനോടകം തന്നെ ജില്ലയിലെ നിരവധി സ്കൂളുകൾ പങ്കാളികളായി. വിദ്യാർത്ഥികളിൽ നൂതന ആശയങ്ങൾ രൂപപ്പെടുത്തുന്നതിനൊപ്പം സാമൂഹിക ബോധം വികസിപ്പിച്ചു ഉത്തമ പൗരന്മാരാക്കുന്നതും ലക്ഷ്യമിട്ടാണ് പരിപാടികൾ ഒരുക്കിയത്. ചടങ്ങിൽ ഗവ.ഹയർ സെക്കന്ററി സ്കൂൾ ഹെഡ്മിസ്ട്രെസ് ജയന്തി കെ. കെ,അധ്യാപകൻ ടോണി പീറ്റർ,എ സി എം ഫിസാറ്റ് ചാപ്റ്റർ സ്റ്റാഫ് കോ ഓർഡിനേറ്റർസ് ശ്രുതി സുരേഷ്,ജിസ്മി മാത്യു ചെയർമാൻ ഹിഷാം ഹസ്കർ, വൈസ് ചെയർമാൻ ജെയ്ക്കോ ജിനോവ്, സെക്രട്ടറി ആന്റീനബാബു, വിദ്യാർഥികളായ റിതിക എം പ്രദീപ്, കീർത്തന എസ്,അൽന ഏലിയാസ്, സൂര്യനാരായണൻ കെ. സ്, സൈഫ് മൊഹമ്മദ്, കീർത്തന ആർ നമ്പ്യാർ തുടങ്ങിവർ സന്നിഹിതരായിരുന്നു.

# പാവക്കുളത്ത് ഉൽസവത്തിന് 25 ന് കൊടിയേറും

**കൊച്ചി:** എറണാകുളം കലൂർ പാവക്കുളം ശ്രീമഹാദേവക്ഷേത്രത്തിൽ ഉൽസവത്തിന് ഡിസംബർ 25 ന് കൊടിയേറും ജനുവരി മൂന്നിന് ആറോട്ടോടുകൂടി ഉൽസവം സമപിക്കും. 25 ന് രാവിലെ എട്ടിന് ബഹ്മകലശം, 9.30 ന് കലവറ നിറയ്ക്കൽ, ഉച്ചയ്ക്ക് ഒരുമണിക്ക് പ്രസാദ ഊട്ട് . രാത്രി എട്ടിന് ക്ഷേത്രം തന്ത്രി ബ്രഹ്മശ്രീപുലിയന്നൂർ പ്രശാന്ത് നാരായണൻ നമ്പൂതിരി, ക്ഷേത്രം മേൽശാന്തി ബ്രഹ്മശ്രീ ഏഴിക്കോട് കൃഷ്ണദാസ് നമ്പൂതിരി എന്നിവരുടെ മുഖ്യകാർമ്മികത്വത്തിൽ കൊടിയേറ്റ് നടക്കും.

തുടർന്ന് തിരുവാതിരകളി, 26 മുതൽ ജനുവരി രണ്ടുവരെ ദിവസവും രാവിലെ പതിവ് പൂജകൾക്കൊപ്പം എട്ടിന് പാർവ്വതീദേവിക്ക് കലശം ആടൽ, ഉച്ചയ്ക്ക് ഒരു മണിക്ക് പ്രസാദ ഊട്ട് എന്നിവയും ഉണ്ടാകും. 26 ന് വൈകിട്ട് എട്ടിന് കഥാവിഷ്ക്കാരം ജ്ഞാന ദേവത, 27 ന് വൈകുന്നേരം 6.30 മുതൽ നൃത്തനൃത്യങ്ങൾ, 28 ന് വൈകുന്നേരം 6.30 മുതൽ നൃത്തനൃത്യങ്ങൾ, 29 ന് വൈകിട്ട് ഏഴിന് മേജർ സെറ്റ് കഥകളി, 30 ന് വൈകിട്ട് 06.30 മുതൽ നൃത്തനൃത്യങ്ങൾ, 31 ന് വൈകിട്ട് 6.30 ന് ഭരതനാട്യം, ഏഴു മുതൽ ഭക്തിഗാനമേള, ജനുവരി ഒന്നിന് രാവിലെ 11 ന് ഉൽസവബലി തുടർന്ന് ഉൽസവബലി ദർശനം, വൈകിട്ട് ഏഴിന് ട്രിപ്പിൾ തായമ്പക, ജനുവരി വൈകുന്നേരം അഞ്ചിന് പകൽപ്പൂരം ചേരാതൃക്കോവിൽ ശ്രീകൃഷ്ണ ക്ഷേത്രത്തിൽ നിന്നും ആരംഭിക്കും. രാത്രി 06.30 മുതൽ അഷ്ടപദികച്ചേരി, നൃത്തനൃത്യങ്ങൾ, 11 ന് പള്ളിവേട്ട, ജനുവരി മൂന്നിന് രാവിലെ ഒമ്പതിന് ആറാട്ട് ബലി, തുടർന്ന് കൊടിയിറക്കൽ ശേഷം തിരുആറാട്ട്, എഴുന്നള്ളത്ത്.

12.30 ന് നടക്കുന്ന ആറാട്ടു സദ്യയോടെ ഉൽസവത്തിന് സമാപനം കുറിക്കുമെന്ന് ക്ഷേത്ര സമിതി പ്രഭാരി ശ്രീകുമാർ വയലിൽ, വർക്കിംഗ് പ്രസിഡന്റ് കെ.എ.എസ് പണിക്കർ, സെക്രട്ടറി കെ. പി മാധവൻകുട്ടി എന്നിവർ അറിയിച്ചു.

# നാഷണൽ വെൽഡിംഗ് സെമിനാർ ഡിസംബർ 18 മുതൽ

**കൊച്ചി:** ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് വെൽഡിംഗ് (ഐ.ഐ.ഡബ്ല്യൂ)വിന്റെ രാജ്യത്തെ ഏറ്റവും വലിയ വെൽഡിംഗ് സെമിനാറായ നാഷണൽ വെൽഡിംഗ് സെമിനാർ ഡിസംബർ 18 മുതൽ 20 വരെ കൊച്ചിയിൽ നടക്കും. 'സുസ്ഥിര പരിസ്ഥിതിക്കായുള്ള വെൽഡിംഗ് നവീകരണങ്ങൾ' എന്നതാണ് ഈ വർഷത്തെ സെമിനാറിന്റെ പ്രമേയം. കലൂർ ഗോകുലം കൺവെൻഷൻ സെന്ററിലാണ് സമ്മേളനം. ആധുനിക വെൽഡിംഗ് സാങ്കേതികവിദ്യയും പ്രത്യേകിച്ച് കോബോട്ടിക് വെൽഡിംഗ് ടെക്നോളജിയും രാജ്യത്ത് പരിചയപ്പെടുത്തുക എന്നതാണ് സെമിനാറിന്റെ ലക്ഷ്യം. ടെക്നോക്രാറ്റുകൾ, വെൽഡിംഗ് സാങ്കേതിക വിദഗ്ധർ, അധ്യാപകർ, വ്യവസായികൾ, ഗവേഷകർ, പ്രൊഫഷണലുകൾ, വിദ്യാർഥികൾ തുടങ്ങി 450 ലധികം പ്രതിനിധികൾ പങ്കെടുക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്. മൂന്ന് ദിവസങ്ങളിലായി 85ലേറെ ടെക്നിക്കൽ പേപ്പറുകൾ അവതരിപ്പിക്കും. കൊച്ചി ഷിപ്പ്യാർഡ് ലിമിറ്റഡ് സി എം ഡി മധു എസ് നായർക്ക ബിസിനസ് എക്സലൻസ് അവാർഡ് ഡിസംബർ 18 ന് നടക്കുന്ന സമ്മേളനത്തിൽ മുഖ്യാതിഥിയും ന്യൂക്ലിയർ പവർ കോർപറേഷൻ ഓഫ് ഇന്ത്യ ലിമിറ്റഡ് എച്ച് ആർ ഡയറക്ടറുമായ സുരേഷ് ബാബു സമ്മാനിക്കുമെന്ന് ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് വെൽഡിംഗ് ദേശീയ പ്രസിഡന്റ് ജീസ്സ് പി ഫിലിപ്പ് അറിയിച്ചു.

# നാളികേര വികസന ബോർഡിന്റെ മാസചന്ത

**കൊച്ചി:** നാളികേര വികസന ബോർഡിന്റെ ഫാമിൽ ഉൽപ്പാദിപ്പിച്ച നല്ലയിനം നാടൻ (വെസ്റ്റ് കോസ്റ്റ് നെടിയ ഇനം WCT) തെങ്ങിൻ തൈകൾ നൂറ് രൂപ നിരക്കിൽ ഈ മാസം 19 ന് നാളികേര വികസന ബോർഡിന്റെ കൊച്ചി ആസ്ഥാനത്ത് നടക്കുന്ന മാസചന്തയിൽ വിൽപ്പന നടത്തുന്നു. തൈകൾ മുൻകൂട്ടി ബുക്ക് ചെയ്യേണ്ടതാണ്. ബുക്കിംഗിനും മറ്റ് വിവരങ്ങൾക്കുമായി വിളിക്കേണ്ട നമ്പർ 0485-2554240. ഡിസംബർ 19 ന് മാത്രമായിരിക്കും വിൽപന. ഫാമിലെ മറ്റ് കാർഷിക ഉൽപ്പന്നങ്ങളുടെ വിൽപനയും ഉണ്ടായിരിക്കുന്നതാണ്.

## മെലഡിമാജിക് സ്കൂൾ ഓഫ് മ്യൂസിക്: സംഗീതസാന്ദ്രമായി രജത ജൂബിലി ആഘോഷങ്ങൾ

**കോട്ടയം:** രജത ജൂബിലി ആഘോഷങ്ങൾ സംഗീതസാന്ദ്രമാക്കി മെലഡി മാജിക് സ്കൂൾ ഓഫ് മ്യൂസിക്. ക്രിസ്മസ് സംഗീതത്തിന്റെ മനോഹാരിതയിലേക്ക് ആസ്വാദകരെ കൈപിടിച്ചു നയിച്ച് 'സ്റ്റേബിൾ ബൈ സ്റ്റാർലൈറ്റ്' ജൂനിയർ ഗായക സംഘം അവതരിപ്പിച്ചു. ഗിറ്റാർ, പിയാനോ, ഡ്രംസ്, വയലിൻ തുടങ്ങിയവയുടെ അകമ്പടിയോടെ നടന്ന പരിപാടികളിൽ നിലവിലെ വിദ്യാർഥികൾക്കൊപ്പം പൂർവ വിദ്യാർഥികളും പങ്കാളികളായി.

2000ൽ ഒരു വിദ്യാർഥിയുമായി ആരംഭിച്ച സ്കൂൾ മുന്നൂറിലധികം വിദ്യാർഥികളുള്ള സംഗീത കേന്ദ്രമായി ഇന്ന് മാറി. പാശ്ചാത്യ വോക്കൽ, ഗിറ്റാർ, പിയാനോ, ഡ്രംസ്, വയലിൻ, റിക്കോർഡർ എന്നിവയിൽ വിദഗ്ധർ പരിശീലനം നൽകുന്നു. ലണ്ടനിലെ അസോഷ്യേറ്റഡ് ബോർഡ് ഓഫ് ദി റോയൽ സ്കൂൾസ് ഓഫ് മ്യൂസിക്കിന്റെ (എബിആർഎസ്എം) ഔദ്യോഗിക പങ്കാളിയാണ് മെലഡി മാജിക് സ്കൂൾ എന്ന് ഡയറക്ടർ ദീപ ഏബ്രഹാം പറഞ്ഞു.

എബിആർഎസ്എമ്മിന്റെ കേരളത്തിലെ കോഓർഡിനേറ്റർ സ്റ്റീഫൻ ഡിക്രൂസ് സംഗീത പഠനത്തിൽ മികവ് തെളിയിച്ച വിദ്യാർഥികൾക്ക് സമ്മാനങ്ങൾ നൽകി.

## കിക്മയിൽ ലൈബ്രേറിയൻ ഒഴിവ്

**തിരുവനന്തപുരം:** കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കോഓപ്പറേറ്റീവ് മാനേജ്മെന്റിൽ ലൈബ്രേറിയൻ തസ്തികയിൽ കരാർ അടിസ്ഥാനത്തിൽ നിയമനം നടത്തുന്നു. ബിരുദവും ബി.എൽ.ഐ.സിയുമാണ് യോഗ്യത. എം.എൽ.ഐ.സി യോഗ്യത ഉള്ളവർക്ക് മുൻഗണനന. താൽപര്യമുള്ളവർ അസൽ സർട്ടിഫിക്കറ്റുകളുമായി ഡിസംബർ 23 രാവിലെ 10 ന് കിക്മ ക്യാമ്പസിൽ നടക്കുന്ന അഭിമുഖത്തിൽ പങ്കെടുക്കണം. കൂടുതൽ വിവരങ്ങൾക്ക്: 9188001600.

## നിഷ് സെമിനാർ 17 ന്

**തിരുവനന്തപുരം:** നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സ്പീച്ച് ആൻഡ് ഹിയറിങ്ങും (നിഷ്) സംസ്ഥാന സാമൂഹ്യ നീതി വകുപ്പും സംയുക്തമായി നടത്തുന്ന നിഡാസ് വെബിനാറിന്റെ ഭാഗമായി 'കാഴ്ചക്കുറവും കാഴ്ചയില്ലായ്മയും' എന്ന വിഷയത്തിൽ ഓൺലൈൻ സെമിനാർ നടത്തുന്നു. ഡിസംബർ 17 ന് രാവിലെ 10.30 മുതൽ 12.30 വരെ ഗൂഗിൾ മീറ്റിംഗിലൂടെയും നിഷിന്റെ യൂട്യൂബ് ചാനലിലൂടെയും തത്സമയ സംപ്രേഷണത്തോടെ നടക്കുന്ന മലയാളം വെബിനാറിനു തിരുവനന്തപുരം പ്രീസയിസ് ഐ കെയർ ഹോസ്പിറ്റലിലെ പീഡിയാട്രിക് ഒഫ്താൽമോളജി സീനിയർ കൺസൾട്ടന്റ് ഡോ. അനിത പ്രഭാകരൻ നേതൃത്വം നൽകും.

## കേരളത്തിലേത് നിക്ഷേപകർക്ക് അനുകൂലമായ ആവാസവ്യവസ്ഥ : മുഖ്യമന്ത്രി

**തിരുവനന്തപുരം:** നിക്ഷേപകർക്കും സംരംഭകർക്കും അനുകൂലമായ ആവാസവ്യവസ്ഥ ഉറപ്പുവരുത്തുന്നതിൽ കേരളം മാതൃകയാണെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ. നിക്ഷേപക സൗഹൃദ നയങ്ങൾക്കും പദ്ധതികൾക്കും സംസ്ഥാനം മുൻഗണന നൽകുന്നു. കേരള സ്റ്റാർട്ടപ്പ് മിഷൻ സംഘടിപ്പിക്കുന്ന ഹഡിൽ ഗ്ലോബൽ' സംരംഭക സംഗമത്തിന്റെ ഏഴാം പതിപ്പിന്റെ അവസാന ദിവസം നടന്ന ചർച്ചയിൽ സംസാരിക്കുകയായിരുന്നു മുഖ്യമന്ത്രി. ആഗോള വ്യവസായ സംരംഭകരിലേക്കുള്ള കേരളത്തിന്റെ കവാടമായി മാറിയിരിക്കുകയാണ് ഹഡിൽ ഗ്ലോബൽ. ഔപചാരികതയുടെ പരിമിതികൾ ഇല്ലാതെ നിക്ഷേപക മേഖലയിലെ ക്രിയാത്മകമായ ചർച്ചകൾക്കും ആശയ കൈമാറ്റങ്ങൾക്കുമുള്ള വേദി കൂടിയാണ് ഈ സ്റ്റാർട്ടപ്പ് ഉത്സവം. കോവളം ലീല റാവിസ് ഹോട്ടലിൽ നടന്ന പരിപാടിയിൽ ലേബർ സ്പെഷ്യൽ സെക്രട്ടറി എസ് ഷാനവാസ്, ഐ ടി സ്പെഷ്യൽ സെക്രട്ടറി ശ്രീറാം സാംബശിവറാവു, കേരള സ്റ്റാർട്ടപ്പ് മിഷൻ സി ഇ ഒ അനൂപ് പി അംബിക, ദുബായ് ഫ്യൂച്ചർ ഫൗണ്ടേഷൻ എക്സിക്യൂട്ടീവ് ഡയറക്ടർ സയീദ് അൽ ഫലസി, ഇൻഫോസിസ് കോ ഫൗണ്ടർ എസ് ഡി ഷിബുലാൽ, നടൻ നിവിൻ പോളി തുടങ്ങിയവർ പങ്കെടുത്തു.




# ന്യൂഹെക്ടർ പുറത്തിറക്കി എം.ജി മോട്ടോർ

**കൊച്ചി:** ജെഎസ്ഡബ്ല്യു എംജി മോട്ടോർ ഇന്ത്യ ഓൾന്യൂ എംജി ഹെക്ടർ കൊച്ചിയിൽ പുറത്തിറക്കി. എസ്യുവി വിഭാഗത്തിൽ ബോൾഡ് ഡിസൈൻ, നൂതനമായ സുഖസൗകര്യങ്ങൾ, മികച്ച സാങ്കേതികവിദ്യ, അതുല്യമായ ഡ്രൈവിംഗ് അനുഭവം എന്നിവയ്ക്ക് ഏറെ പ്രാധാന്യം നൽകിയാണ് ഓൾന്യൂ എംജി ഹെക്ടർ എത്തുന്നതെന്ന് ജെ.എസ്.ഡബ്ല്യൂ. എം.ജി മോട്ടോർ ഇന്ത്യ മാനേജിംഗ് ഡയറക്ടർ അനുരാഗ് മെഹ്റോത്ര പറഞ്ഞു.

20 ലക്ഷം രൂപ മുതൽ വില ആരംഭിക്കുന്ന പുതിയ ഹെക്ടറിൽ മുന്നിലും പുറകിലുമായി ബമ്പറിൽ വന്ന പുതിയ ഡിസൈൻ, ഗ്രിൽ ഡിസൈൻ, പുതിയ അലോയ് വീലുകൾ എന്നിവയുള്ള ശ്രദ്ധേയമായ പുറംഭാഗമാണ് പ്രധാന സവിശേഷത. സെലാഡൺ ബ്ലൂ, പേൾ വൈറ്റ് എന്നീ രണ്ട് പുതിയ നിറങ്ങൾ ഇന്റീരിയറിൽ ലഭ്യമാണ്.

5 സീറ്റർ ട്രിമ്മിൽ ഡ്യുവൽ ടോൺ ഐസ് ഗ്രേ തീമും 6, 7 സീറ്റർ ട്രിമ്മുകൾക്ക് ഡ്യുവൽ ടോൺ അർബൻ ടാനും ഇന്റീരിയറിൽ ഉൾക്കൊള്ളിച്ചിരിക്കുന്നത്. ഇത് വാഹനത്തെ മികച്ച പ്രീമിയർ നിലവാരത്തിൽ എത്തിക്കുന്നു.

സ്മാർട്ട് ബൂസ്റ്റ് സാങ്കേതികവിദ്യയുള്ള പുതിയ ഐസ്വൈപ്പ് ടച്ച് ജെസ്റ്റർ കൺട്രോളും ആകർഷകമായ പുതിയ ഓറ ഹെക്സ് ഗ്രില്ലും ഹെക്ടറിനെ മറ്റൊരു തലത്തിലേക്ക് ഉയർത്താൻ പ്രാപ്തമാണ്. പരിധിയില്ലാത്ത കിലോമീറ്ററുകളുള്ള മൂന്ന് വർഷത്തെ വാറന്റി, മൂന്ന് വർഷത്തെ റോഡ്സൈഡ് അസിസ്റ്റൻസ്, മൂന്ന് ലേബർഫ്രീ ആനുകാലിക സേവനങ്ങൾ എന്നിവയുൾപ്പെടെ സ്റ്റാൻഡേർഡ് 3+3+3 പാക്കേജ് ഉൾക്കൊള്ളുന്ന എം.ജി ഷീൾഡ് പാക്കേജും എം.ജി ഓഫർ ചെയ്യുന്നു. കൊച്ചിയിലെ എംജി മോട്ടോർ കോസ്റ്റ് ലൈൻ ഗ്യാരേജിൽ നടന്ന ചടങ്ങിൽ എംജി മോട്ടോഴ്സ് ഡെപ്യൂട്ടി എംഡി ബിജു ബാലേന്ദ്രൻ, ജനറൽ മാനേജർ സെയിൽസ് ജയകുമാർ, ഷോറൂമും മാനജേിംഗ് ഡയറക്ടർ സാബു ജോണി, സിഇഒ അനിൽ സി., സിദ്ധാർത്ഥകുമാർ ജന, ചലച്ചിത്രതാരം വിവിയ ശാന്ത് എന്നിവർ ചേർന്ന് പുതിയ ഹെക്ടർ പുറത്തിറക്കി.

# പലിശനിരക്ക് കുറച്ച് എസ്ബിഐ, ഐഒബി

**മുംബൈ:** സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയും ഇന്ത്യൻ ഓവർസീസ് ബാങ്കും പലിശനിരക്കുകൾ കുറച്ചു. റിസർവ് ബാങ്ക് റീപോ നിരക്ക് കുറച്ചതിനു പിന്നാലെയാണ് നടപടി. തിങ്കളാഴ്ച പ്രാബല്യത്തിൽ വരും.

വായ്പാപലിശ മാനദണ്ഡങ്ങളായ എംസിഎൽആർ, ആർഎൽഎൽആർ, ബേസ്റേറ്റ് തുടങ്ങിയവയിലാണ് മാറ്റം. ഈ വിഭാഗത്തിൽ നിലവിൽ വായ്പയുള്ളവർക്കും പുതുതായി വായ്പ എടുക്കുന്നവർക്കും നേട്ടമാണ് ബാങ്കിന്റെ തീരുമാനം. അതേസമയം, എഫ്ഡിയുടെ പലിശനിരക്കിലും ബാങ്ക് മാറ്റം വരുത്തിയിട്ടുണ്ട്.

മാർജിനൽ കോസ്റ്റ് ഓഫ് ഫണ്ട്സ് ബേസ്ഡ് ലെൻഡിംഗ് റേറ്റ് (എംസിഎൽആർ) അഞ്ചു ബേസിസ് പോയിന്റിന്റെ കുറവ് വരുത്തി. എക്സ്റ്റേണൽ ബെഞ്ച്മാർക്ക് ലെൻഡിംഗ് റേറ്റ് (ഇബിഎൽആർ) 25 ബേസിസ് പോയിന്റ് കുറച്ചു. ഇത് റിപ്പോ ലിങ്ക് വായ്പകളിൽ കുറവുണ്ടാക്കുന്നു.

എസ്ബിഐ സ്ഥിരനിക്ഷേപങ്ങളുടെ (എഫ്ഡി) പലിശയും കുറച്ചു. ഇതുപ്രകാരം രണ്ടു വർഷം മുതൽ മൂന്നു വർഷത്തിൽ താഴെ വരെ കാലാവധിയുള്ള നിക്ഷേപങ്ങളുടെ പലിശനിരക്ക് അഞ്ച് ബേസിസ് പോയിന്റാണ് കുറച്ചത്.

എസ്ബിഐ 'അമൃത് വൃഷ്ടി'യുടെ പലിശനിരക്ക് 444 ദിവസത്തെ നിക്ഷേപത്തിന് 6.60ൽനിന്ന് 6.45 ശതമാനമായും കുറച്ചിട്ടുണ്ട്. സൂപ്പർ സീനിയേഴ്സിന് നൽകുന്ന പലിശ 7.20ൽനിന്ന് 7.05 ശതമാനത്തിലേക്കും കുറയും.

ഐഒബി റിപ്പോ ലിങ്ക്ഡ് ലെൻഡിംഗ് റേറ്റ് (ആർഎൽഎൽആർ) 25 ബേസിസ് പോയിന്റ് കുറച്ച് 8.10 ശതമാനമാക്കി. മൂന്നു മാസം മുതൽ മൂന്നു വർഷം വരെയുള്ള എംസിഎൽആറിൽ അഞ്ചു ബേസിസ് പോയിന്റ് കുറവും വരുത്തും.




# സർവതോ ഭദ്രം ഓർഗാനിക്സിന്റെ നാടൻ നെൽ വൈവിധ്യ സംരക്ഷണ വയലിൽ വിളഞ്ഞത് 570 നെല്ലിനങ്ങൾ

**പെരിങ്ങോട്ടുകര:** പെരിങ്ങോട്ടുകരയിലെ ആവണങ്ങാട്ട് കളരി വിഷ്ണുമായ ക്ഷേത്രം സർവതോ ഭദ്രം ഓർഗാനിക്സിന്റെ നാടൻ നെൽ വൈവിധ്യ സംരക്ഷണ വയലിൽ ഇത്തവണ വിളഞ്ഞത് 570 നെല്ലിനങ്ങൾ. ഇതിൽ 160 നാടൻ നെല്ലിനങ്ങളും ഇന്ത്യയിലെ വിവിധ പ്രദേശങ്ങളിൽ നിന്നും കൊണ്ടുവന്ന 410 നെല്ലിനങ്ങളുമുണ്ട്. ഇത്രയേറെ നെല്ലിനങ്ങൾ ഒരേ സമയം കൃഷി ചെയ്ത നെൽ വൈവിധ്യ സംരക്ഷണ വയൽ കേരളത്തിൽ അപൂർവമാണെന്ന് ചൂണ്ടിക്കാണിക്കപ്പെടുന്നു. ചെന്നെല്ല്, ജീരകശാല, ചീര, കുളപ്പാണ്ടി, തവളക്കണ്ണൻ, കുറുവ, ചിറ്റേനി, ഓർപ്പാണ്ടി, ചെറാടി തുടങ്ങിയ കേരളത്തിലെ നെല്ലിനങ്ങളും കർണാടകത്തിലെ നസർ ബത്ത, തമിഴ്നാട്ടിലെ കോയമ്പത്തൂർ സണ്ണ, ബംഗാളിലെ ഒരു നെല്ലിൽ രണ്ട് അരിയുള്ള ജുഗൽ, ബിഹാറിലെ കാലാനമക്ക്, കിഴക്കൻ ഇന്ത്യയിലെ ജീരാഫൂൽ എന്നിവയും ഈ നെല്ലിനങ്ങളിലുണ്ട്. സുഗന്ധ നെല്ലിനങ്ങളും ഔഷധ നെല്ലിനങ്ങളും മട്ട അരികളും കറുപ്പ് അരികളും അടക്കം നെല്ലിനങ്ങളുടെ വിപുലമായ ശേഖരമാണ് ഇവിടെ പാകമായത്.

ഒന്നര ഏക്കറിലെ കൃഷിയിടത്തിൽ 2 മീറ്റർ വീതയിലും നീളത്തിലും ഓരോ ചെറിയ പ്ലോട്ടുകളാക്കിയാണ് ഇവയെല്ലാം കൃഷി ചെയ്തത്. എ .യു.രഘുരാമൻ പണിക്കർ, എ.യു.ഹൃഷികേശ് പണിക്കർ, എ.വി.രാഹുൽ എന്നിവരുടെ സാന്നിധ്യത്തിൽ നാഷണൽ ബ്യൂറോ ഓഫ് പ്ലാന്റ് ജനറ്റിക് റിസോഴ്സ് (എൻ ബി പി ജി ആർ) ഡയറക്ടർ ഗ്യാനേന്ദ്ര പ്രതാപ്സിങ് നൂറ്റാണ്ടുകൾ പഴക്കമുള്ള ഇട്ടിക്കണ്ടപ്പൻ നെല്ല് കൊയ്ത് കൊയ്ത്തുത്സവം ഉദ്ഘാടനം ചെയ്തു.

ഇട്ടിക്കണ്ടപ്പൻ നെല്ല് ആദ്യമായാണ് ഇവിടെ കൃഷി ചെയ്തത്. നാടൻ നെൽവിത്ത് സംരക്ഷണ പ്രവർത്തനങ്ങളെ ഡയറക്ടറും സംഘവും അഭിനന്ദിച്ചു. രാഷ്ട്ര പുരോഗതിക്ക് മുതൽക്കൂട്ടാകുന്ന മാതൃക പ്രവർത്തനമാണ് ഇതെന്ന് അദ്ദേഹം പറഞ്ഞു. നിറത്തിലും രൂപത്തിലും ഉയരത്തിലും വ്യത്യസ്തങ്ങളായ നെല്ലിനങ്ങളെ കാണാൻ ധാരാളം ആളുകൾ ദിവസവും ഈ വയൽ സന്ദർശിക്കുന്നുണ്ട്. കഴിഞ്ഞ തവണ 170 ഇനം നെല്ലിനങ്ങളാണ് കൃഷി ചെയ്തിരുന്നത്.




# കുട്ടനാടൻ മേഖലാ അതിരൂപതാ തീർഥാടനം വിശ്വാസസാഗരമായി

**ചങ്ങനാശേരി:** ചങ്ങനാശേരി അതിരൂപതാ ആർച്ച് ബിഷപ് മാർ തോമസ് തറയിൽ നയിച്ച കുട്ടനാടൻ മേഖലാ അതിരൂപതാ തീർഥാടനം വിശ്വാസസാഗരമായി. ചമ്പക്കുളം സെന്റ് മേരീസ് ബസിലിക്കയിൽനിന്ന് പാറേൽ മരിയൻ തീർഥാടന കേന്ദ്രത്തിലേക്കു നടത്തിയ തീർഥാടനത്തിൽ ആയിരങ്ങൾ പങ്കെടുത്തു. ആർച്ച് ബിഷപ് മാർ തോമസ് തറയിൽ ജൂബിലി സ്ലീവയും വഹിച്ച് കാൽനടയായി വിശ്വാസികളെ നയിച്ചു. ജൂബിലി വർഷത്തിൽ മാർപാപ്പ പ്രഖ്യാപിച്ചിരിക്കുന്ന പൂർണ ദണ്ഡമോചനം പ്രാപിക്കുന്നതിനും അനുഗ്രഹം തേടിയുമാണു തീർഥാടനം നടത്തിയത്.

ചമ്പക്കുളം ബസിലിക്കയിലെ അതിപുരാതനമായ കൽക്കുരിശിന്റെ ചുവട്ടിൽ പ്രാർഥിച്ചാണ് തീർഥാടനം ആരംഭിച്ചത്. വികാരി ജനറൽമാർ, ഫൊറോന വികാരിമാർ, പള്ളികളിലെ വികാരിമാർ, സന്യസ്തർ, മാതാപിതാക്കൾ, യുവജനങ്ങൾ, സൺഡേ സ്കൂൾ കുട്ടികൾ എന്നിവർ തീർഥാടനത്തിൽ അണിനിരന്നു. പാറേൽ മരിയൻ തീർഥാടന കേന്ദ്രത്തിലെ ജൂബിലി കവാടത്തിലൂടെ പൂർണ ദണ്ഡമോചന പ്രാർഥനകൾ ചൊല്ലി ആർച്ച് ബിഷപ്പും വൈദികരും തീർഥാടകരും കടന്നു. തുടർന്ന് ആർച്ച് ബിഷപ് മാർ തോമസ് തറയിൽ വികാരി ജനറൽമാർ, ഫൊറോനാ വികാരിമാർ എന്നിവരും കുട്ടനാടൻ മേഖലയിലെ എല്ലാ വൈദികരും ചേർന്ന് കുർബാന അർപ്പിച്ചു. പാറേൽ മരിയൻ തീർഥാടന കേന്ദ്രത്തിൽ നിർമാണം പുരോഗമിക്കുന്ന പുതിയ വലിയ പള്ളിയുടെ കൂദാശ 2026 നവംബർ 21ന് നടത്തുമെന്ന് ചങ്ങനാശേരി അതിരൂപതാ ആർച്ച് ബിഷപ് മാർ തോമസ് തറയിൽ പ്രഖ്യാപിച്ചു. നവംബർ 22ന് അതിരൂപതയിലെ യുവജനങ്ങൾക്കു വേണ്ടിയുള്ള കുർബാനയും യുവജനസംഗമവും നടത്തും. 23ന് പാറേൽ മർത്ത്മറിയം കപ്പേളയുടെ കൂദാശ, നിത്യാരാധനാ ചാപ്പലിന്റെ വെഞ്ചരിപ്പ്, കുമ്പസാര വേദിയുടെ വെഞ്ചരിപ്പ് എന്നിവ നടത്തും. 29ന് കൊടിമരത്തിന്റെ വെഞ്ചരിപ്പും തിരുനാൾ കൊടിയേറ്റവും നടത്തും. 30ന് കൽക്കുരിശിന്റെ വെഞ്ചരിപ്പ്. 2026 ഡിസംബറിൽ ഭൂഗർഭ കപ്പേളയുടെ കൂദാശയും തിരുശേഷിപ്പ് പ്രതിഷ്ഠിക്കലും നിർവഹിക്കും. ദേവാലയത്തിന്റെ നിർമാണ പ്രവർത്തനങ്ങൾ അവസാനഘട്ടത്തിലാണ്.

# തന്ത്രപ്രധാന സാങ്കേതികവിദ്യയിലും ഇന്ത്യ സ്വയംപര്യാപ്തമാകണം: മുകേഷ് അംബാനി

**കൊച്ചി/അഹമ്മദാബാദ്:** രാജ്യത്തിന്റെ ഭാവിപുരോഗതിക്കായി തന്ത്രപ്രധാനമായ സാങ്കേതിക വിദ്യകളുടെ കാര്യത്തിൽ ഇന്ത്യ സ്വയംപര്യാപ്തമാകണമെന്നും ആഗോള വെല്ലുവിളികളെ അതിജീവിക്കാൻ അതിലൂടെ സാധിക്കുമെന്നും റിലയൻസ് ഇൻഡസ്ട്രീസ് ചെയർമാനും മാനേജിംഗ് ഡയറക്റ്ററുമായ മുകേഷ് അംബാനി.



പണ്ഡിറ്റ് ദീൻദയാൽ എനർജി യൂണിവേഴ്സിറ്റിയുടെ 13ാമത് ബിരുദദാന ചടങ്ങിൽ സംസാരിക്കുകയായിരുന്നു മുകേഷ് അംബാനി. ഇന്ത്യയുടെ അതിവേഗത്തിലുള്ള സാമ്പത്തിക വളർച്ചയെക്കുറിച്ചുള്ള ചർച്ചകൾ എല്ലായിടത്തും സജീവമാണ്. എട്ട് ശതമാനത്തിനടുത്ത് വളർച്ചാ നിരക്ക് നേടുന്ന രാജ്യത്തെക്കുറിച്ച് ലോകം മുഴുവൻ സംസാരിക്കുന്നു. ഈ കണക്കുകൾ അഭിമാനകരമാണെങ്കിലും, അതിന്റെ പിന്നിൽ കൂടുതൽ ഗൗരവമേറിയതും അടിയന്തരവുമായ ഒരു ആഹ്വാനം ഒളിഞ്ഞിരിപ്പുണ്ടെന്ന് മുകേഷ് അംബാനി ഓർമ്മിപ്പിക്കുന്നു. കേവലം സാമ്പത്തിക ശക്തി എന്നതിലുപരി, സാങ്കേതികമായി സ്വയംപര്യാപ്തമായ ഒരു രാഷ്ട്രമായി ഇന്ത്യ മാറേണ്ടത് അനിവാര്യതയാണ്. ലോകം ആശങ്കപ്പെടുമ്പോൾ, ഇന്ത്യയുടെ ആത്മവിശ്വാസം കുതിച്ചുയരുന്നു. ലോകമെമ്പാടും 'ആത്മവിശ്വാസത്തിൽ ഇടിവ്' പ്രകടമാകുമ്പോൾ, ഇന്ത്യ എട്ട് ശതമാനം സാമ്പത്തിക വളർച്ചയോടെ കുതിക്കുകയാണ്. രാജ്യത്ത് നിലനിൽക്കുന്നത് പ്രതീക്ഷയുടെയും ആത്മവിശ്വാസത്തിന്റെയും അന്തരീക്ഷമാണ് അംബാനി ചൂണ്ടിക്കാട്ടി. ഈ മനോഭാവത്തിലെ മാറ്റം കേവലം സാമ്പത്തിക കണക്കുകൾക്കപ്പുറം പ്രാധാന്യമർഹിക്കുന്നു. ലോക രാജ്യങ്ങൾ ഒരു പുതിയ ശക്തിയായി ഇന്ത്യയെ കാണുന്നു എന്നതിന്റെ വ്യക്തമായ സൂചനയാണിത്.

ഒരു ദശാബ്ദം മുൻപ് ഇന്ത്യയുടെ മറ്റു ഭാഗങ്ങൾ ഊർജ്ജസ്വലമായ ഗുജറാത്തിനെക്കുറിച്ചായിരുന്നു സംസാരിച്ചിരുന്നത്. ഇന്ന് ലോകത്തിന്റെ മറ്റു ഭാഗങ്ങൾ വൈബ്രന്റ് ഇന്ത്യയെക്കുറിച്ചാണ് സംസാരിക്കുന്നതെന്നും അംബാനി പറഞ്ഞു. ഈ മാനസികമായ മാറ്റം സാമ്പത്തിക കണക്കുകളെപ്പോലെ തന്നെ പ്രധാനമാണ്. വലിയ ലക്ഷ്യങ്ങൾ നേടാൻ ഒരു രാജ്യത്തെ പ്രേരിപ്പിക്കുന്നത് ഈ ആത്മവിശ്വാസമാണ്. നിർണ്ണായകമായ സാങ്കേതികവിദ്യകളിൽ ഇന്ത്യ 'ആത്മനിർഭർ' അഥവാ സ്വാശ്രയത്വം കൈവരിക്കണണം. ആഗോള തലത്തിലെ ഭൗമരാഷ്ട്രീയ സാഹചര്യങ്ങൾ ഉയർത്തുന്ന വെല്ലുവിളികളെ അതിജീവിക്കാൻ ഇതൊരു തന്ത്രപരമായ ആവശ്യകതയാണെന്നും അദ്ദേഹം വ്യക്തമാക്കി. ഇലക്ട്രോണിക്സ്, ബാറ്ററികൾ, പുനരുപയോഗ ഊർജ്ജം തുടങ്ങിയ ഭാവിയിലെ സാങ്കേതികവിദ്യകൾക്ക് അത്യന്താപേക്ഷിതമായ റെയർ എർത്ത്, ലിഥിയം, കോബാൾട്ട് തുടങ്ങിയ നിർണ്ണായക അസംസ്കൃത വസ്തുക്കളുടെ വിതരണ ശൃംഖലയിൽ ചൈനയുടെ ആധിപത്യം വർദ്ധിച്ചുവരികയാണ്. ഈ ആഗോള യാഥാർത്ഥ്യം കണക്കിലെടുക്കുമ്പോൾ, ഇന്ത്യയുടെ ഭാവിയിലെ പുരോഗതി ബാഹ്യ ശക്തികളെ ആശ്രയിച്ചാകരുത്. അതിനാൽ, സാങ്കേതിക സ്വാശ്രയത്വം എന്നത് ഒരു ദേശീയ ലക്ഷ്യം എന്നതിലുപരി ഇന്ത്യയുടെ സുരക്ഷിതമായ ഭാവിക്കുള്ള ഒരു നിർണ്ണായക മുൻകരുതലാണ്. ആർട്ടിഫിഷ്യൽ ഇന്റലിജൻസ്, നവ ഊർജ്ജം, ബഹിരാകാശം, ബയോടെക്നോളജി, ലൈഫ് സയൻസസ് തുടങ്ങിയ മേഖലകളിലാണ് ഇന്ത്യ സ്വാശ്രയത്വം കൈവരിക്കേണ്ടത്. ഏറ്റവും പ്രധാനപ്പെട്ട കഴിവ് കോഡിംഗ് പഠിക്കുന്നതിലല്ല, മറിച്ച് കൂടുതൽ മികച്ച ചോദ്യങ്ങൾ ചോദിക്കാൻ പഠിക്കുന്നതിലാണെന്ന് അദ്ദേഹം വിദ്യാർത്ഥികളെ ഓർമപ്പെടുത്തി. സാധാരണ ജോലികളെല്ലാം എഐ ഏറ്റെടുക്കുമ്പോൾ, മനുഷ്യന് മാത്രം സാധ്യമാകുന്ന ജിജ്ഞാസയും ഉൾക്കാഴ്ചയുള്ള ചോദ്യങ്ങൾ ചോദിക്കാനുള്ള കഴിവും ഏറ്റവും മൂല്യമുള്ളതായി മാറുന്നു. പുതുമകൾ കണ്ടെത്താനും കാലത്തിനനുസരിച്ച് മുന്നേറാനും സഹായിക്കുന്നത് ഈ കഴിവായിരിക്കുമെന്നും അംബാനി വ്യക്തമാക്കി.

# 30ാം വാർഷികം ആഘോഷിച്ച് സാംസങ് ഇന്ത്യ

**കൊച്ചി:** ഇന്ത്യയുടെ ഏറ്റവും വലിയ കൺസ്യൂമർ ഇലക്ട്രോണിക്സ് ബ്രാൻഡായ സാംസങ്, ഇന്ത്യയിലെ 30 വർഷത്തെ പ്രവർത്തനങ്ങൾ അടയാളപ്പെടുത്തിക്കൊണ്ട് രാജ്യത്തിന്റെ നവീകരണ ഭാവി ലക്ഷ്യമിട്ട് 'പവറിങ് ഇനൊവേഷൻ ഫോർ ഇന്ത്യ' പ്രഖ്യാപിച്ചു. 1995ൽ ഇന്ത്യയിലെത്തിയ ശേഷം, സാംസങ് രാജ്യത്തെ ഡിജിറ്റൽ പരിവർത്തനത്തിന്റെയും 'മേക്ക്ഇൻ ഇന്ത്യ' ലക്ഷ്യങ്ങളുടെയും പ്രധാന പങ്കാളിയായി വളർന്നു.

ഇന്ത്യയിൽ ആദ്യമായി ടി.വി അവതരിപ്പിച്ച ബ്രാൻഡായ സാംസങ് ഇന്ന് നോയ്ഡയിൽ ലോകത്തിലെ ഏറ്റവും വലിയ മൊബൈൽ നിർമ്മാണ കേന്ദ്രങ്ങളിലൊന്നും അത്യാധുനിക ഗവേഷണ, വികസന ശൃംഖലയും സ്ഥാപിച്ചിരിക്കുകയാണ്. 1.11 ലക്ഷം കോടി രൂപ വരുമാനമുള്ള സാംസങ് ഇന്ത്യയിൽ പൂർണ്ണമായ എഐ പരിസ്ഥിതി സൃഷ്ടിച്ച ഏക ബ്രാൻഡാണെന്ന്  സാംസങ് സൗത്ത് വെസ്റ്റ് ഏഷ്യ പ്രസിഡന്റും സിഇഒയുമായ ജെ.ബി പാർക്ക് പറഞ്ഞു. സ്മാർട്ട്ഫോണുകളിലെ ഗാലക്സി എഐ, ഡിജിറ്റൽ ഉപകരണങ്ങളിലെ ബിസ്പോക്ക് എഐ, ടെലിവിഷനുകളിലെ വിഷൻ എഐ എന്നിവയെ സ്മാർട്ട് തിങ്സ് വഴിയുള്ള ഏകീകൃത അനുഭവമായി ഉപഭോക്താക്കൾക്ക് നൽകുന്നു.

ഉദാരവൽക്കരണം വഴി പുതിയ സാധ്യതകൾ തുറന്നുകിട്ടിയ 1995ൽ ഇന്ത്യയിൽ ഞങ്ങളുടെ ആദ്യത്തെ ടിവി വിറ്റത് മുതൽ ഇന്ന് ഭാരതത്തിന്റെ ഏറ്റവും വിശ്വസനീയമായ സാങ്കേതിക പങ്കാളിയാകുന്നത് വരെ, സാംസങ്ങിന്റെ യാത്രയെ രൂപപ്പെടുത്തിയത് ഇന്ത്യയുടെ ആത്മവിശ്വാസം, സർഗ്ഗാത്മകത, പരിധിയില്ലാത്ത അഭിലാഷം എന്നിവയാണെന്നും 'വികസിത ഭാരതം' ലക്ഷ്യമാക്കിയുള്ള ഇന്ത്യയുടെ പുരോഗതിക്ക് തങ്ങൾ ശക്തമായ കൂട്ടാളികളായിരിക്കുമെന്നും ജെ.ബി പാർക്ക് പറഞ്ഞു.

# കോമിക് കോൺ കൊച്ചി എഡിഷൻ ഫെബ്രുവരി 28, മാർച്ച് ഒന്ന് തീയതികളിൽ അങ്കമാലിയിൽ

**കൊച്ചി:** ഇന്ത്യയിലെ ഏറ്റവും വലിയ പോപ്പ് കൾച്ചർ ആഘോഷങ്ങളിലൊന്നായ കോമിക് കോൺ ഇന്ത്യയുടെ കൊച്ചി എഡിഷൻ ഫെബ്രുവരി 28, മാർച്ച് ഒന്ന് തീയതികളിൽ അങ്കമാലി എഐസിസിയിൽ നടക്കും. ഈ എഡിഷനിൽ ചില മുൻനിര സ്രഷ്ടാക്കളെ ഉൾപ്പെടുത്തുന്നതിലൂടെ ആരാധകരുമായി സംവദിക്കാനുള്ള അവസരവും ലഭിക്കുമെന്ന് സംഘാടകർ അറിയിച്ചു. പാനൽ സെഷനുകൾ, തത്സമയ പ്രകടനങ്ങൾ, കോസ്പ്ലേ മത്സരങ്ങൾ, സ്റ്റാൻഡ്അപ്പ് കോമഡി, സംഗീത പരിപാടികൾ തുടങ്ങിയവയും പരിപാടിയുടെ ഭാഗമായി നടക്കും. ക്രഞ്ചിറോളിന്റെ പിന്തുണയോടെ മാരുതി സുസുക്കി അരീന അവതരിപ്പിക്കുന്ന കോമിക് കോണിന്റെ ടിക്കറ്റുകൾ ഇപ്പോൾ സൊമാറ്റോയുടെ ഡിസ്ട്രിക്ട് ആപ്പിൽ ലഭ്യമാണ്.



കൊച്ചി എപ്പോഴും പൈതൃകത്തെയും ആധുനിക സർഗ്ഗാത്മകതയെയും ചുരുക്കം ചില നഗരങ്ങൾക്ക് മാത്രം കഴിയുന്ന വിധത്തിൽ സന്തുലിതമാക്കിയിട്ടുള്ളതായി നോഡ്വിൻ ഗെയിമിംഗിന്റെ സഹസ്ഥാപകനും എംഡിയുമായ അക്ഷത് രതീ പറഞ്ഞു. കേരളത്തിലെ ആരാധകർ, കലാകാരന്മാർ, കോസ്പ്ലേയർമാർ, യുവ സ്രഷ്ടാക്കൾ എന്നിവർക്ക് പിന്തുണയും പ്രചോദനവും ലഭിക്കുന്ന ഒരു സ്ഥലമായി ഈ പതിപ്പ് മാറുമെന്നാണ് തങ്ങളുടെ പ്രതീക്ഷയെന്ന് കോമിക് കോൺ ഇന്ത്യയുടെ സിഇഒ ഷെഫാലി ജോൺസൺ പറഞ്ഞു.

